70 (2761) കുണ്ടറ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല സേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെതർലാന്റ് ഗവൺമെന്റിന്റെ സഹായത്തോടെയുള്ള കുണ്ടറ ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചത് എന്നാണ്;

(ബി) പണി ആരംഭിച്ച് വളരെ വർഷങ്ങൾ ആയിട്ടും പദ്ധതി കമ്മിഷൻ ചെയ്ത് തദ്ദേശവാസികളുടെ കുടിവെള്ള ക്ഷാമത്തിനു പരിഹാരം ഉണ്ടാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) കുണ്ടറ പദ്ധതി പണിതീർത്ത് എന്നത്തേയ്ക്ക് കമ്മിഷൻ ചെയ്യാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1985-ൽ.

(ബി) പദ്ധതി കമ്മിഷൻ ചെയ്യുന്നതിനുള്ള പ്രധാന തടസ്സങ്ങൾ ചുവടെ ചേർക്കുന്നു:

1. വാട്ടർ പൈപ്പുകളിലൂടെ ജലം പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന പൊട്ടലുകളാണ് പ്രധാന പ്രശ്നം. പദ്ധതിക്കാവശ്യമായ പൈപ്പുകൾ സ്ഥാപിച്ചത് വർഷങ്ങൾക്കു മുമ്പായതിനാൽ ഇതിന്റെ ജോയിന്റുകളിലുള്ള റബ്ബർ റിംഗുകൾ ജലത്തിന്റെ അഭാവം കാരണം ജീർണ്ണിച്ചു പോകുകയും മറ്റു കാരണങ്ങളാൽ പൈപ്പ് ലൈൻ ചാർജ്ജ് ചെയ്യുമ്പോൾ അപ്രതീക്ഷിതമായ ജോയിന്റ് ലീക്കുകൾക്കും പൈപ്പ് പൊട്ടലുകൾക്കും കാരണമായി കമ്മിഷനിംഗിന് താമസം നേരിടുന്നു.

2. റെയിൽപ്പാളത്തിനു മുകളിൽകൂടി പാലമുണ്ടാക്കി പൈപ്പു ലൈൻ ക്രോസ്സു ചെയ്യുന്നതിന് റെയിൽവേ അധികൃതർ അനുമതി നൽകുന്നതിലുണ്ടായ കാലതാമസം.

3. റോഡു ക്രോസ്സു ചെയ്തു പൈപ്പ് ഇടുന്നതിന് പൊതുമരാമത്ത് വകുപ്പിൽനിന്ന് അനുമതി കിട്ടുന്നതിലുണ്ടാകുന്ന കാലതാമസം.

4. പൊതുമരാമത്ത് വകുപ്പിന്റെ റോഡ് പുനർനിർമ്മാണവും, കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെയും ടെലികോം വകുപ്പിന്റെയും കേബിളുകൾ സ്ഥാപിക്കുന്ന ജോലികളും യഥാസമയം പൈപ്പുകളുടെ ലീക്കുകൾ മാറ്റുന്നതിനും ബലപ്പെടുത്തുന്നതിനുമുള്ള പണികൾക്ക് തടസ്സം സൃഷ്ടിക്കുന്നു.

5. വോൾട്ടേജിന്റെ കുറവു കാരണം വൈകുന്നേരം 6 മണി മുതൽ 11.30 വരെ പമ്പിംഗ് നടത്താനും ട്രയൽ റൺ നടത്താനും തടസ്സം നേരിടുന്നു.

6. പദ്ധതിയുടെ പ്രധാന ഘടകമായ കിണറിന്റെ നിർമ്മാണത്തിന് പ്രതീക്ഷിച്ചതിൽ കൂടുതൽ കാലതാമസം ഉണ്ടായി ശുദ്ധീകരണശാലയുടെ പണി ഏറ്റെടുത്തിരുന്ന കരാറുകാരൻ പണി ഉപേക്ഷിച്ചതുമൂലം നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് മറ്റൊരു കരാറുകാരനെക്കൊണ്ട് പണികൾ പൂർത്തീകരിക്കേണ്ടതുമൂലവും പദ്ധതി യഥാസമയം പൂർത്തീകരിക്കുന്നതിന് തടസ്സമായി.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1999 ഡിസംബർ മാസത്തോടെ കമ്മിഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

71 (2762) മാള നിയോജകമണ്ഡലത്തിലെ മാമ്പ്ര ചെട്ടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാള നിയോജകമണ്ഡലത്തിൽപ്പെട്ട ആമനട പഞ്ചായത്തിലെ മാമ്പ്ര-ചെട്ടിക്കുന്ന് ലിഫ്റ്റ് ഇറിഗേഷന്റെ പണികൾ പൂർത്തീകരിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ എത്രത്തോളം ആയി എന്ന് വ്യക്തമാക്കുമോ;

(സി) എന്നു പണി പൂർത്തീകരിച്ചു വെള്ളം ലിഫ്റ്റ് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിയുടെ സിവിൽ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. പമ്പും മോട്ടോറും സ്ഥാപിക്കുന്നതിനുള്ള നടപടികളും പമ്പ് ഹൗസ് വൈദ്യുതീകരണ പണികളും ആരംഭിച്ചിട്ടുണ്ട്.

(സി) പമ്പും മോട്ടോറും സ്ഥാപിച്ചു വൈദ്യുതീകരിക്കുന്ന മുറയ്ക്ക് 2000-ാമാണ്ട് മാർച്ച് മാസത്തോടെ വെള്ളം പമ്പു ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

72 (2763) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുതിയ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി-പഴവങ്ങാടി-വടശ്ശേരിക്കര പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുതിയ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കാൻ ഉദ്ദേശമുണ്ടോ;

(ബി) പദ്ധതികളുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(സി) ആരാണ് ഫണ്ട് നൽകുന്നത്;

(ഡി) ഫണ്ട് ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിരിക്കുന്നത്;

(ഇ) 1998-ൽ എൽ.ഐ.സി. സഹായത്തോടെ എത്ര പദ്ധതികൾ ആരംഭിച്ചു;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പദ്ധതികളൊന്നും ആരംഭിക്കുവാൻ കഴിയാതിരുന്നത്;

LIBRARY ARCHIVES Kerala Legislative Assembly